ഉത്തരം.

(എ) ഇതുവരെ 201 റേഡിയോ സെറ്റുകൾ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

(ബി) പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള റേഡിയോ സെറ്റുകൾ കൊടുക്കാതെയിരുന്നിട്ടില്ല.

പീരുമേട്, ദേവികുളം കാളനൈസേഷൻ.

125. [17] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പീരുമേട്, ദേവികുളം കാളനൈസേഷൻ സ്പെഷ്യൽ ഓഫീസറുടെ നിയമനത്തിനുശേഷം അവിടെ പ്രവർത്തനം എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്;

(ബി) ഇതുവരെ എത്ര വീട്ടുകാരെ അവിടെ കാളനികളിൽ താമസിപ്പിച്ചിട്ടുണ്ട്;

(സി) അവിടെ താമസിക്കുന്ന ആളുകൾക്ക് ഗവൺമെൻറിൽ നിന്നും എന്തു സാമ്പത്തികസഹായം നൽകിയിട്ടുണ്ട്;

(ഡി) കാളനിയുടെ അഭിവൃദ്ധിയെ ലാക്കാക്കി പൊതുവായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നു പറയുമോ ?

ഉത്തരം.

(എ) കല്ലാർ, ഒന്ന്—രണ്ട്, മറയൂർ, കാന്തല്ലൂർ എന്നീ നാലു കാളനികൾ സ്ഥാപിക്കുകയും, കല്ലാറിൽ മൂന്നാം കാളനി സ്ഥാപിക്കുന്നതിനുള്ള സർവ്വേ ജോലി മുതലായവ ചെയ്തുതീർക്കുകയും, —ടി— നാലു കാളനികളിലായി 450 വീടുകളുടെ പണിക്കുള്ള കോണ്ടാക്ടു കൊടുക്കുകയും ചെയ്തു. അതിൽ 70 വീടുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) 772 വീട്ടുകാരെ.

(സി) ഓരോ കുടുംബത്തിനും 250 രൂപ കൃഷിവായ്പയും 50 രൂപ വിലവരുന്ന കൃഷി ആയുധങ്ങളും, 500 രൂപ വിലവരുന്ന വേനൽ തുണികളും നൽകുന്നതിനു വ്യവസ്ഥയുണ്ട്. അതിനുപ്രകാരം 17,480 രൂപ കാളനിക്കാർക്ക് വായ്പ നൽകിയിട്ടുണ്ട്. എട്ടാനം വീടുകളുടെ പണിയും പൂർത്തിയായിട്ടുണ്ട്.

(ഡി) റോഡുവെട്ടിക്കുക, വെള്ളം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുക, കുട്ടികളുടെ ഇടയിൽനിന്നു രക്ഷനേടുന്നതിനു കിടങ്ങുകൾ കഴിപ്പിക്കുക, അത്യാവശ്യമായ വൈദ്യസഹായം നൽകുക മുതലായവ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly